**കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്**
**പിൻ കോഡ്- 690533**
**GSTIN:32AAAWPL9739M1ZQ ഫോൺ നമ്പർ : 0479-2438682**
**krishnapuramgp@gmail.com**

**നമ്പർ: 6514918-2026** **തീയതി : 10-08-2026**

# താല്പര്യപത്രം ക്ഷണിക്കുന്നു.

കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ റോഡ്, വൈദ്യുതി, കുടിവെള്ളം സൌകര്യങ്ങളോടു കൂടിയ പുരയിടം സൌജന്യമായോ സർക്കാർ നിശ്ചയിക്കുന്ന വിലയ്.ക്കോ നൽകാൻ തയ്യാറുള്ള ഭൂവുടമകളിൽ നിന്നും മുദ്രവെച്ച കവറിൽ താല്പര്യപത്രം ക്ഷണിക്കുന്നു.

1. ഭൂമിയ്ക്ക് 35 സെന്റിനും 50 സെന്റിനുമിടയിൽ വിസ്തൃതിയുള്ളതും കളിസ്ഥലം നിർമ്മാണത്തിന് അനുയോജ്യമായിട്ടുള്ളതും ആയിരിക്കണം.
2. താല്പര്യപത്രത്തോടൊപ്പം സ്ഥലത്തിന്റെ ആധാരം, കൈവശാവകാശ സർട്ടിഫിക്കറ്റ്, നികുതി ഒടുക്കിയ രസീത് എന്നിവയുടെ പകർപ്പും ലൊക്കേഷൻ മാപ്പും ഉള്ളടക്കം ചെയ്തിരിക്കണം.
3. താല്പര്യപത്രത്തിൽ സ്ഥലത്തിന് പ്രതീക്ഷിക്കുന്ന കുറഞ്ഞ നിരക്ക് (ഒരു സെന്റിന്) ക്വാട്ട് ചെയ്തിരിക്കണം
4. സ്ഥലം തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതോ മറ്റ് നിയമപരമായ ബാധ്യതയുള്ളതോ ആയിരിക്കരുത്.
5. പ്രൊപ്പോസൽ പ്രകാരമുള്ള സ്ഥലം ബന്ധപ്പെട്ട കമ്മിറ്റി പ്രാഥമിക പരിശോധന നടത്തി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താല്ക്കാലികമായി സെലക്ട് ചെയ്യുന്നതും, ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.
6. കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ, 2005 പ്രകാരമുള്ള മാനദണ്ഡങ്ങൾ ബാധകമായിരിക്കും.
7. ഏതു പ്രൊപ്പോസലും നിരുപാധികം നിരസിക്കുന്നതിനുള്ള അധികാരം കൃഷ്ണപുരം ഗ്രാമ പഞ്ചായത്തു കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

**താല്പര്യപത്രം സ്വീകരിക്കുന്ന അവസാന തീയതി- 31.08.2026, പകൽ 3 മണി വരെ**

**താല്പര്യപത്രം തുറന്ന് പരിശോധിക്കുന്ന തീയതി- 31.08.2026, പകൽ 4 മണി.**

കൂടുതൽ വിവരങ്ങൾ പ്രവർത്തന സമയത്ത് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

Signature Not Verified
Digitally signed by Biju K P
Date: 2026.08.10 15:04:30 IST
Reason: KSMART